# സംഭവാമി യുഗേ യുഗേ ....

അമ്മ രാവിലെ തിരക്കിട്ട പണിയിലാണല്ലോ. കിച്ചു മനസ്സിലോർത്തു. ഇന്നു മുതൽ ഹോസ്പിറ്റലിൽ നേരത്തേ ഡ്യൂട്ടിക്ക് കയറണമെന്ന് അച്ഛനിന്നലെ അമ്മയോട് പറയുന്നത് കേട്ടു. അതാണ് അമ്മ ഇത്ര തിരക്കു കാണിക്കുന്നത്. "ദാ, ഇന്ന് ക്ലാസ്സില്ലാത്തതു കൊണ്ട് നീ നേരത്തേ എഴുന്നേറ്റല്ലോ. വാ ഞാൻ ചായ തരാം." അമ്മ കളിയാക്കൽ മൂഡിലാണ്. എല്ലാ ദിവസവും തന്നെ എത്ര തവണ വിളിച്ചാലാണ് താൻ എഴുന്നേൽക്കുന്നതെന്നോർത്ത് അവന് ചിരി വന്നു. ചായ കുടിച്ചു കൊണ്ട് സ്കൂളിലെവിശേഷങ്ങളൊക്കെ പറഞ്ഞ് അവൻഅടുക്കളയിൽതന്നെ നിന്നു . അമ്മയ്ക്ക് തന്റെ വിശേഷങ്ങൾ കേൾക്കുന്നത് നല്ല ഇഷ്ടമാണെന്ന് അവനറിയാം. അച്ഛൻ ജോലി ചെയ്യുന്ന ഹോസ്പ്പിറ്റലിൽ കോവിഡിന്റെ നിരീക്ഷണത്തിനായി ഇന്നലെ ഒരാളെ അഡ്മിറ്റാക്കിയിട്ടുണ്ടെന്ന് അമ്മ പറഞ്ഞു. വിദേശത്തു നിന്ന് വന്ന ആളാണ്. സംസാരത്തിനിടയിൽ പുറത്ത് ആരവം കേട്ടു . വിശാലും കൂട്ടരുമായിരിക്കും. ഇവന്മാർക്ക് വീട്ടിലിരുന്നു കൂടെ. ഇന്നലെ മാഷ് എന്തെല്ലാം കാര്യങ്ങൾ പറഞ്ഞു തന്നിട്ടാണ് വീട്ടിലേക്ക് പറഞ്ഞു വിട്ടത്. അവൻ പുറത്തേക്ക് നോക്കി. അവര് തന്നെ. ചെറിയൊരു 'കളിസ്ഥലം ഉള്ളതുകൊണ്ട് കുട്ടിക്കൂട്ടങ്ങൾക്ക് വളരെ ആശ്വാസമാണ്. കാരണം ആ പരിസരത്തൊന്നും ഇപ്പോൾ ഇതുപോലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലമില്ല.'അമ്മേ,ഞാനവരുടെ അടുത്തൊന്ന് പോയിട്ടു വരാം. അച്ഛൻ ചോദിച്ചാൽ ഇപ്പോ വരുമെന്നു പറഞ്ഞാൽ മതി.' കിച്ചു കൂട്ടുകാരുടെ അടുത്തേക്ക് പോകാനാഞ്ഞു. 'മോനേ, പുറത്തേക്കൊത്തും പോകരുതെന്ന് പ്രത്യേകം പറഞ്ഞതല്ലേ. നമ്മൾ സൂക്ഷിക്കുന്നതിനനുസരിച്ചേ ഈ രോഗം വിട്ടുമാറൂ ' അമ്മേ ഞാനിത് അവരോട് ഒന്നുകൂടി പറഞ്ഞു നോക്കാനാണ് പോകുന്നത്. വിശാലിന്റെ അച്ഛനും അമ്മയും അതിരാവിലെ ജോലിക്ക് പോയിട്ടുണ്ടാവും. അവർക്കറിയില്ലല്ലോ അവര് പോയാലുടനേ ഇവൻ പുറത്തേക്കിറങ്ങുമെന്ന് .മുത്തശ്ശി പറഞ്ഞാൽ അവൻ കേൾക്കുകയുമില്ല.' "എന്നാൽ അടുത്തേക്കൊന്നും പോവാതെ ട്ടോ. മാറി നിന്ന് പറഞ്ഞാൽ മതി." "ശരിയമ്മേ" കിച്ചു പുറത്തേക്കോടി." ആ കിച്ചു വന്നല്ലോ. കിച്ചൂ നമുക്ക് കളി തുടങ്ങിയാലോ? മറ്റുള്ളവർ പതുക്കെ വരട്ടെ." വിശാൽ പറഞ്ഞു. 'വിശാൽ, എടാ, പുറത്തിറങ്ങരുതെന്ന് നിന്നോടിന്നലെ മാഷ് പറഞ്ഞതല്ലേ? സാമും അത് കേട്ടതല്ലേ?എന്നിട്ടും രാവിലെ തന്നെ നിങ്ങൾ ഇതെന്തു ഭാവിച്ചാ? നിങ്ങളോട് വേഗം വീട്ടിലേക്ക് പോവാൻ എന്റെ അമ്മ പറഞ്ഞു. ഇത്രയും വലിയ ഒരു അസുഖം എല്ലായിടത്തും പടരുമ്പോൾ നമ്മളും സൂക്ഷിക്കണ്ടേ?, എന്റെ കിച്ചൂ നീയിങ്ങനെ പേടിക്കുന്നതെന്തിനാ?എടാ, നമുക്കൊന്നും കുഴപ്പമുണ്ടാവില്ല, നീ വേഗം വാ നമുക്ക് കളിക്കാം.' 'ഞാനില്ല. പറഞ്ഞതു കേൾക്കുന്നില്ലെങ്കിൽ ഞാൻ പോണു,കിച്ചു തിരിച്ചു പോകാൻ തുടങ്ങി. " എടാ, നീ പോകല്ലേ. നമ്മുടെ ടിങ്കു ദുബായിൽ നിന്നു വന്നിട്ടുണ്ട്. നമുക്കവന്റെ വീടു വരെ ഒന്നു പോയാലോ? എത്ര നാളായി അവനെ കണ്ടിട്ട്, അതൊന്നും വേണ്ട.ദുബായിൽ കോവിഡ് രോഗികൾ ഉള്ളതുകൊണ്ട് ടിങ്കുവും അച്ഛനും അമ്മയും പ്രത്യേക നിരീക്ഷണത്തിലാണ്. കുറച്ചു ദിവസങ്ങൾ കഴിഞ്ഞാൽ നമുക്കവനെ കാണാല്ലോ". കിച്ചു പറഞ്ഞു. 'ഇവനെക്കൊണ്ട് തോറ്റു. ഇങ്ങനെയൊരു പേടിത്തൊണ്ടൻ'.' വാ സാം നമുക്ക് ടിങ്കുവിനെ കാണാൻ പോകാം. അവൻ നല്ല മിഠായി തരും'. വിശാൽ പറഞ്ഞു.' പോകുന്നതൊക്കെ കൊള്ളാം അവനെ കണ്ടാൽ ഓടിച്ചെന്ന് കെട്ടിപ്പിടിക്കുകയൊന്നും വേണ്ട. കുറച്ച് അകന്ന് നിന്ന് സംസാരിച്ചാൽ മതി. തിരിച്ച് വീട്ടിൽ ചെല്ലുമ്പോൾ സോപ്പിട്ട് നന്നായി കയ്യും മുഖവുമൊക്കെ കഴുകകയും വേണം. വീട്ടിൽ വയസ്സായ മുത്തശ്ശി ഉണ്ടെന്ന് ഓർമ്മ വേണം"കിച്ചു വിശാലിനെ ഓർമ്മിപ്പിച്ചു. അല്ലെങ്കിൽ ഞാനും കൂടി വരാം' മൂന്നു പേരും കൂടി ടിങ്കുവിൻെറ വീടിനു മുന്നിലെത്തി. ഗേറ്റ് അടച്ചിട്ടിരിക്കയാണ്.വീടിന്റെ വാതിലും തുറന്നിട്ടില്ല. " ടിങ്കൂ, ടിങ്കൂ "വിശാൽ ഉറക്കെ വിളിച്ചു. ഒച്ച കേട്ട് ടിങ്കു ഇറങ്ങി വന്നു. തന്റെ കൂട്ടുകാരെക്കണ്ട് സന്തോഷത്തോടെ അവൻ ഓടി വന്ന് ഗേറ്റ് തുറന്നു. വിശാൽ ആവേശത്തോടെ അവനെ കെട്ടിപ്പിടിച്ചു.ഇവനോട് എന്തു പറഞ്ഞാലും കേൾക്കില്ലല്ലോ.' കിച്ചു മനസ്സിലോർത്തു., ടിങ്കു,വീടിനു പുറത്തിങ്ങണ്ട. നിങ്ങൾക്കുള്ള ഭക്ഷണം അമ്മ ഉണ്ടാക്കിത്തരും. ഞാനത് ഗേറ്റിൽ കൊണ്ടുവന്നു വെച്ചു കൊള്ളാം കുറച്ചു ദിവസം കഴിയുമ്പോൾ എല്ലാം ഭേദമാവും. അത്രയും ദിവസം നമുക്ക് ഫോണിലൂടെ സംസാരിക്കാമല്ലോ.' കിച്ചു പറഞ്ഞു. കുറച്ചു സമയം സംസാരിച്ച ശേഷം അവർ വീട്ടിലേക്ക് പോയി. കുറച്ച് ദിവസങ്ങൾക്ക് ശേഷം ഒരു ആമ്പുലൻസ് കിച്ചുവിന്റെ വീടിനു മുന്നിലൂടെ പോയി അത് വിശാലിന്റെ വീട്ടിലേക്കാണല്ലോ. ദൈവമേ, അവന്റെ

മുത്തശ്ശിക്കെന്തെങ്കിലും ...വന്ന പോലെ തന്നെ വേഗത്തിൽ ആബുലൻസ് തിരിച്ചു പോകുന്നതും കണ്ടു. കിച്ചു വിഷമിച്ചിരിക്കുന്നതു കണ്ട് അമ്മ പറഞ്ഞു.,വിശാലിന്റെ മുത്തശ്ശിക്ക് കുറച്ച് സീരിയസ്സാണെന്ന് പറയുന്നു കേട്ടു .' അപ്പോഴേക്കും ഫോൺ ബെല്ലടിക്കുന്നത് കേട്ട് കിച്ചു ഫോണെടുത്തു. വിശാലാണ്. എടാ, എന്റെ മുത്തശ്ശി ...., മുത്തശ്ശിക്കെന്തെങ്കിലും .... ഞാൻ കാരണമാണല്ലോ എന്നോർക്കുമ്പോ...., അവൻ കരച്ചിലോടു കരച്ചിലാണ്. നീ വിഷമിക്കാതെ. ഒന്നും പറ്റില്ല. വേഗം മാറും. ഇപ്പോ ടിങ്കുവും അച്ഛനും അമ്മയുമൊക്കെ സുഖമായിരിക്കുന്നത് കണ്ടില്ലേ. കിച്ചു പലതും പറഞ്ഞ് അവനെ ആശ്വസിപ്പിച്ചു.മറുതലയക്കൽ അപ്പോഴും കരച്ചിൽ നിലച്ചിരുന്നില്ല.

-------------